ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ഉത്തരത്തിൽ 98 എന്നുള്ള സംഖ്യ ഗവണ്മെൻറിനു് എങ്ങനെ കിട്ടിയതാണു്?

ശ്രീ. സി. അച്യുതമേനോൻ : ഇങ്ങനെയുള്ള സാധാരണ സംഭവങ്ങളും അറിയാൻ ഗവണ്മെൻറിനു് ഒരു മിഷ്യനറി ഉണ്ടു്. അതനുസരിച്ചു് ഗവണ്മെൻറിനു് ആ അറിവു ലഭിച്ചു.

ശ്രീമതി കുസുമം ജോസഫ്: അല്പം വല്ലതും ഒക്കെ കഴിച്ചിട്ടു് നിരാഹാര സത്യാഗ്രഹം തുടങ്ങുന്നതു് ആത്മഹത്യാശ്രമത്തിൽപെടുമോ?

ശ്രീ. സി. അച്യുതമേനോൻ: അല്പമൊക്കെ കഴിച്ചിട്ടു് എന്നു പറഞ്ഞാൽ ഞങ്ങളും മനസ്സിലാക്കുന്നതു് മദ്യപിച്ചിട്ടു് എന്നാണു്. അതാണോ ചോദ്യം എന്നു അറിവില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഒരു നിരാഹാര സത്യാഗ്രഹം മരണത്തിനു കാരണമാകുമെന്നു വരുമ്പോൾ അതു് ആത്മഹത്യയ്ക്കു ഒരുങ്ങുന്നതായി കണക്കാക്കിക്കൂടെ?

Mr. Speaker: That is a leading question.

ശ്രീ. കെ. കെ. വിശ്വനാഥൻ: കമ്മ്യൂണിസ്റ്റു പാർട്ടിയിലാരെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുള്ളവരുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. പി. ഗോപാലൻ: നിരാഹാര സത്യാഗ്രഹം ആത്മഹത്യയാക്കുമെന്നുള്ള ഒരു നിയമം ഈ അടുത്തകാലത്തു് ഉണ്ടായതാണോ?

ശ്രീ. സി. അച്യുതമേനോൻ: ആ നിയമം ഇൻഡ്യൻ പീനൽ കോഡിലുള്ളതാണു്. എന്നാണോ ഈ നിയമം എഴുതിവച്ചതു് അന്നുമുതൽക്കുള്ളതാണു്.

ശ്രീ. ഇ. പി. ഗോപാലൻ : ആ കോഡിലുള്ള ഈ നിയമത്തെ ഏതെങ്കിലും കോടതി ചോദ്യംചെയ്തിട്ടുണ്ടോ; ആ നിയമം ഇപ്പോൾ റദ്ദുചെയ്തതായിട്ടാണോ ഇരിപ്പു്?

ശ്രീ. സി. അച്യുതമേനോൻ: ആ നിയമംതന്നെയാണു് ഇപ്പോഴും നിലവിലിരിക്കുന്നതു്. ആ നിയമം വച്ചുകൊണ്ടു് ചിലരെ ശിക്ഷിച്ചതായിട്ടും കാണുന്നുണ്ടു്. ചിലരെ വിട്ടതായിട്ടും കാണുന്നുണ്ടു്.

മേജർ ഇറിഗേഷൻ പദ്ധതികൾ.

* 1626. [22] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ പുതിയതായി മേജർ ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏവിടെയെല്ലാം;

(സി) ഓരോ പദ്ധതിക്കും എത്ര സംഖ്യവീതം ചെലവുവരും?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) കേന്ദ്രത്തിൻറെ അനുമതി ലഭിക്കുകയാണെങ്കിൽ കാഞ്ഞിരപ്പുഴ, പാലക്കഴപ്പുഴ എന്നീ പദ്ധതികളുടെ പ്രാരംഭനടപടികൾ ഈ സാമ്പത്തിക വർഷത്തിൽത്തന്നെ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടു്.

(ബി) മേൽപ്പറഞ്ഞ രണ്ടു പദ്ധതികളും പാലക്കാടു ജില്ലയിലാണു്.

(സി) പാലക്കഴപ്പുഴ പദ്ധതിയ്ക്കു് ഉദ്ദേശം മൂന്നുലക്ഷവും, കാഞ്ഞിരപ്പുഴ പദ്ധതിയ്ക്കു് 455 ലക്ഷവും, രൂപ ചെലവുവരുമെന്നു് കണക്കാക്കിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പൊന്നറ ജി. ശ്രീധർ : സർ, ഞാനൊരു ഷാർട്ട് നോട്ടീസ് കൊടുത്തിട്ടുണ്ടായിരുന്നു. അതെന്തായി എന്നറിഞ്ഞാൽ കൊള്ളാം.

9 A. M.]

മി. സ്പീക്കർ : ബഹുമാനപ്പെട്ട ശ്രീധരെപ്പോലെയുള്ള മെമ്പറന്മാർ ഇങ്ങനെ ആവർത്തിച്ചാവർത്തിച്ച് ചോദിക്കുന്ന അവസരത്തിൽ ഞാൻ എന്തു പറയാനാണ്. ഞാനൊരു കമ്മിറ്റ്മെന്റ് അയച്ചിരുന്നതെന്തായി, റസല്യൂഷൻ അയച്ചിരുന്നതെന്തായി എന്നു ചോദിച്ചാൽ അങ്ങനെ അയച്ചിട്ടുള്ളവ അന്വേഷിച്ചിട്ടില്ലെങ്കിൽ അതു വിവരം ബഹുമാനപ്പെട്ട മെമ്പറന്മാരെ അറിയിക്കണം എന്നു് ആഫീസിൽ ഏർപ്പാടുചെയ്തിട്ടുണ്ട്. സാധാരണയായി ഷാർട്ട് നോട്ടീസ് ചോദ്യംകിട്ടിയാൽ അതു ബന്ധപ്പെട്ട മന്ത്രിക്കു് അയച്ചു് അതു ഷാർട്ട്നോട്ടീസ് ചോദ്യമായി മറുപടി പറയാൻ സാധ്യമല്ല എന്നു പറയുകയാണെങ്കിൽ ആ വിവരം ബഹുമാനപ്പെട്ട മെമ്പർക്കു് ലെജിസ്ലേച്ചർ സെക്രട്ടറിയറിൽനിന്നും എഴുതി അയയ്ക്കുന്നതാണു്. ആ വിവരം അറിയിച്ചില്ല എന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ ഒരു സ്ലിപ്പ് എഴുതിക്കൊടുത്തു് അതിന്റെ വിവരം അറിയാൻ കഴിയുന്നതാണു്. ഇതിനു് ഈ സഭയുടെ സമയം ഇങ്ങനെ ചെലവാക്കിയതു് വളരെ കഷ്ടമാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഞാൻ ചോദിച്ചു. വിവരം കിട്ടിയില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇന്നലെമുതൽ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീമാൻ പറമ്പിത്തറയെപ്പോലെയുള്ള ബഹുമാനപ്പെട്ട മെമ്പർ, ശ്രീമാൻ കെ. എം. ജോർജ്ജിനെപ്പോലെയുള്ള ബഹുമാനപ്പെട്ട മെമ്പർ, ഇന്നിപ്പോൾ ശ്രീധരെപ്പോലെയുള്ള അളുകൾ എന്നു പറയുന്നതു കേട്ടു. അങ്ങനെ അല്ലാത്ത അളുകൾ ആരൊക്കെയുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: അങ്ങനെ അല്ലാത്ത അളുകൾ ആരെന്നു പ്രത്യേകമായി എന്നെ വന്നുകണ്ടു ചോദിച്ചാൽ പറയാം. ഈ സഭാതലത്തിൽവച്ചു പറയാൻ നിവൃത്തിയില്ല.

WRITTEN ANSWERS.

പണി പൂർത്തിയാക്കാത്ത പാലങ്ങൾ.

* 1627. [24] ശ്രീ. എ. എൽ. ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

എറണാകുളം ഡിസ്ട്രിക്ടിൽ എത്ര പാലങ്ങൾ പണി പൂർത്തിയാക്കാതെ കിടപ്പുണ്ടു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദു്) :

ഒൻപതു പാലങ്ങളുടെ പണി തീർക്കുവാനുണ്ടു്.

വില്ലേജ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം.

* 1628. [26] ശ്രീ. കെ. അയ്യപ്പൻകുട്ടി നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഗവണ്മെന്റു് ഇപ്പോഴത്തെ എല്ലാ വില്ലേജ് ആഫീസറന്മാർക്കും വില്ലേജ് അസിസ്റ്റന്റിനും വില്ലേജ് പ്യൂണിനും ഒരേ നിരക്കിലാണോ ശമ്പളം നൽകുന്നതു് ;

(ബി) നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ കാരണമെന്തു്; മലബാറിലേയും തിരുവിതാംകൂർ-കൊച്ചിയിലേയും സ്ഥിതിയിലുള്ള വ്യത്യാസമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly